**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടർകടവിൽ ബോട്ടാണിക്കൽ ഗാർഡനും കളിസ്ഥലവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പട്ടർകടവിൽ വനം വകുപ്പിന്റെ ഉടമസ്ഥതയില്ലുള്ള സ്ഥലത്തു ബൊട്ടാണിക്കൽ ഗാർഡനും നഗരസഭയുടെ കീഴിൽ ഒരു കളിസ്ഥലവും നിർമ്മിക്കാൻ ആവശ്യം ഉന്നയിച്ച് എം.എൽ. എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പാണക്കാട് വില്ലേജിൽ പരാമർശിത സ്ഥലത്ത് റീ സർവ്വെ 162/4, 5 നമ്പറുകളിൽ കേരള വനം വകുപ്പിന്റെ ഉടമസ്ഥതയില്ലുള്ള 2 1/2 ഏക്കർ സ്ഥലം മലപ്പുറം നഗരസഭയ്ക്ക് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിന് വിട്ട് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാൻ പ്രസ്തുത നിവേദനത്തിൽ അപേക്ഷിച്ചിട്ടുണ്ട്. ടി സ്ഥലം വനം വകുപ്പിന്റെ അധീനതയിലായതിനാലും റിസർവ്വായി പ്രൊപ്പോസ് ചെയ്തിട്ടുള്ളതിനാലും നിവേദനപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിയ്ക്കാൻ നിർവ്വാഹമില്ല. |
| (ബി) | ഗവേഷണ വിദ്യാർത്ഥികൾക്കും പ്രകൃതി ആസ്വാദകർക്കും ഒരു പോലെ പ്രാധാന്യമുള്ളതിനാൽ ബൊട്ടാണിക്കൽ ഗാർഡനും കളിസ്ഥലവും നിർമ്മിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | ഗവേഷണ വിദ്യാർത്ഥികൾക്കും പ്രകൃതി ആസ്വാദകർക്കും ഒരുപോലെ പ്രാധാന്യമുള്ളതാണ് ബൊട്ടാണിക്കൽ ഗാർഡൻ. എന്നാൽ, ബൊട്ടാണിക്കൽ ഗാർഡൻ നിവേദനത്തിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. എന്നാൽ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രവൃത്തി പരിഗണിക്കാവുന്നതാണ്. എന്നാൽ കളിസ്ഥല നിർമ്മാണം വനേതര പ്രവർത്തനമായതിനാൽ നടപ്പിലാക്കാൻ കഴിയില്ല. |
| (സി) | ഒരു ഏക്കറിലധികം വരുന്ന പ്രസ്തുത ഭൂമിയിൽ മറ്റെന്തെങ്കിലും പദ്ധതികൾ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത സ്ഥലത്ത് ഡിവിഷനിലെ ജീവനക്കാർക്ക് ക്വാട്ടേഴ്സ് നിർമ്മിക്കുന്നത് സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ